**പതിനഞ്ചാം കേരള നിയമസഭ**

**ബുള്ളറ്റിൻ ഭാഗം - 2**

2023 നവംബർ 21

നമ്പർ : 438

**പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റി, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി എന്നിവയിലേക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ്**

മേൽ സൂചിപ്പിച്ചിട്ടുള്ള നാല് ധനകാര്യ കമ്മിറ്റികളിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനും അവയുടെ സൂക്ഷ്മപരിശോധനയ്ക്കും പത്രിക പിൻവലിക്കുന്നതിനും തെരഞ്ഞെടുപ്പിനും ഉള്ള തീയതിയും സമയവും താഴെപ്പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു. ഓരോ കമ്മിറ്റിയുടേയും അംഗസംഖ്യ പതിനൊന്നാണ്.

| | |
|---|---|
| സെക്രട്ടറി മുൻപാകെ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയും സമയവും | 2023 ഡിസംബർ 1 വെള്ളിയാഴ്ച, ഉച്ചയ്ക്ക് ശേഷം 03.00 മണി വരെ. |
| നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന | 2023 ഡിസംബർ 2 ശനി, ഉച്ചയ്ക്ക് ശേഷം 03.00 മണിയ്ക്ക്. |
| നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാന തീയതിയും സമയവും | 2023 ഡിസംബർ 4 തിങ്കൾ, ഉച്ചയ്ക്ക് ശേഷം 03.00 മണി വരെ. |
| ആവശ്യമായി വരികയാണെങ്കിൽ വോട്ടെടുപ്പ് നടത്തുന്ന തീയതിയും സമയവും | 2023 ഡിസംബർ 5 ചൊവ്വ രാവിലെ 10.30-നും ഉച്ചയ്ക്ക് ശേഷം 03.00-നും മദ്ധ്യേ. |

വോട്ടെടുപ്പ് ആവശ്യമായി വരികയാണെങ്കിൽ നിയമസഭാ മന്ദിരത്തിലുള്ള മെമ്പേഴ്സ് ലോഞ്ചിൽ വച്ച് ആനുപാതിക പ്രാതിനിധ്യ തത്വമനുസരിച്ച് കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ട് മുഖേന വോട്ടെടുപ്പ് നടത്തുന്നതാണ്.

എ. എം. ബഷീർ,
സെക്രട്ടറി.

**പതിനഞ്ചാം കേരള നിയമസഭ**

**<u>ബുള്ളറ്റിൻ ഭാഗം - 2</u>**

2023 നവംബർ 02

**നമ്പർ: 437**

I

**ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയിലെ അംഗം രാജിവച്ചത് സംബന്ധിച്ച്.**

ശ്രീ. സനീഷ്കുമാർ ജോസഫ്, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയിലെ തന്റെ അംഗത്വം രാജിവച്ചിരിക്കുന്നു.

II

**ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയിലേക്ക് അംഗത്തിനെ നാമനിർദ്ദേശം ചെയ്തത് സംബന്ധിച്ച്.**

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയിൽ നിന്നും ശ്രീ. സനീഷ്കുമാർ ജോസഫ് രാജിവച്ചതിനെ തുടർന്നുണ്ടായ ഒഴിവിലേക്ക് ശ്രീ. ചാണ്ടി ഉമ്മനെ നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

എ. എം. ബഷീർ,
സെക്രട്ടറി.